(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു. എസ്റ്റിമേറ്റുകൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു.

ആലപ്പുഴ ശുദ്ധജല വിതരണ പദ്ധതി

913 [1089] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ശുദ്ധജലവിതരണ പദ്ധതി എന്നാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) ആലപ്പുഴ പട്ടണത്തിലെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ആലപ്പുഴയിൽ ആദ്യമായി സേതുപാർവ്വതീഭായി വാട്ടർ വർക്സ് എന്ന പേരിൽ ശുദ്ധജലവിതരണം 1939-ൽ ആരംഭിച്ചു. ആലപ്പുഴ വാട്ടർ സപ്ലൈ സ്കീം (Augmentation) 1976-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) ഉണ്ട്. എങ്കിലും ആലപ്പുഴ വാട്ടർ സപ്ലൈ സ്കീമിലുള്ള മൊത്തം 20 കുഴൽ കിണറിൽ കഷ്ടിച്ച് 10 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. തൻമൂലം ആവശ്യമുള്ള ജലത്തിന്റെ പകുതിയിൽ കുറച്ച് മാത്രമേ കൊടുക്കുവാൻ കഴിയുന്നുള്ളു. പണത്തിന്റെ ലഭ്യതയനുസരിച്ച് 10 കുഴൽ കിണറുകൂടി കൂടി ഉണ്ടാക്കുന്നതാണ്.

വൈക്കം വാട്ടർ സപ്ലൈ സ്കീം

914 [1091] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ എട്ട് പഞ്ചായത്തുകൾക്കും ഒരു മുനിസിപ്പാലിറ്റിക്കും വേണ്ടി ആരംഭിച്ച വൈക്കം വാട്ടർ സപ്ലൈ സ്കീം അനുസരിച്ച് ഈ പഞ്ചായത്തുകൾക്കും മുനിസിപ്പൽ പ്രദേശങ്ങൾക്കും ശുദ്ധജലം ലഭിച്ചിട്ടില്ലായെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) വൈക്കം മുനിസിപ്പാലിറ്റിയിലും എട്ടു പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ തലയാഴം, വെച്ചൂർ എന്നീ പഞ്ചായത്തുകളിൽ ഭാഗികമായി മാത്രമേ ശുദ്ധജല വിതരണം നടത്തിയിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly